ADDRESS TO MINISTER FOR RURAL DEVELOPMENT

660. മിസ്റ്റർ വി. ആർ. കൃഷ്ണൻ എഴത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവ മെന്റ് സദയം മറുപടി പറയുമോ.—

(എ) ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണമന്ത്രിക്ക് ലഭിക്കുന്ന മംഗളപത്രങ്ങളുടേയും സ്വീകരണങ്ങളുടേയും ഒരു കണക്ക് വെച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്പോഴത്തെ ഗ്രാമോദ്ധാരണമന്ത്രിക്ക് എത്ര സ്വീകരണങ്ങളും മംഗളപത്രങ്ങളും ലഭിക്കുകയുണ്ടായി?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

CHENNAMANGALAM VILLAGE—TODDY AND ARRACK SHOPS

661. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവമെന്റിൽനിന്ന സദയം മറുപടി പറയുമോ.—

(എ) ചേന്ദമംഗലം വില്ലേജിൽ എത്ര കള്ളുഷാപ്പും എത്ര ചാരായ ഷാപ്പും ഉണ്ട്;

(ബി) ചേന്ദമംഗലം വില്ലേജിൽ എത്ര സ്പെഷൽ മദ്യഷാപ്പുകളും ഉണ്ട്; എവിടെയെല്ലാമാണ്;

(സി) ഈ മദ്യഷാപ്പുകളെപ്പറ്റി പൊതുജനങ്ങളിൽനിന്നും വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ;

(ഡി) ഈ ആക്ഷേപത്തെപ്പറ്റി അന്വേഷിച്ചു വല്ല സമാധാനവും ചെയ്യുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ൩ കള്ളുഷാപ്പുകളും ൪ ചാരായ ഷാപ്പുകളും ഉണ്ട്.

(ബി) ൧ സ്പെഷൽ കള്ളുഷാപ്പുകളും. ചേന്ദമംഗലം വില്ലേജിൽ കിഴക്കുംപുറം ദേശത്തു ൧, ടി വില്ലേജ് തെക്കുംപുറം ദേശത്തു ൧, ടി വില്ലേജ് കൂട്ടുകാട് ദേശത്തു ൨, ടി വില്ലേജ് കരിംപാടം ദേശത്തു ൧, ടി വില്ലേജ് ചാത്തേടം ദേശത്തു ൨, ടി വില്ലേജ് ഗോതുരുത്തി ദേശത്തു ൧.

(സി) ഇല്ല.

(ഡി) ഉത്തരം ആവശ്യമില്ല.

TRAINING IN NURSING, MIDWIFERY, ETC.

662. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമെന്റിൽനിന്ന സദയം മറുപടി പറയുമോ —

(എ) ഈ കൊല്ലം നെഴ്സിങ്ങ്, കമ്പൌണ്ടിംങ്ങ്, മിഡ്വൈഫറി എന്നീ സാങ്കേതിക ജോലികളുടെ പരിശീലനത്തിനു എടുക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ആകെ എത്ര പേർ അപേക്ഷകൾ അയച്ചിട്ടുണ്ടു്;

(ബി) ഓരോ വിഭാഗത്തിലേക്കും ടയിനിങ്ങിനു എടുത്തിട്ടുള്ളവരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വെയ്ക്കാമോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) നഴ്സിങ്ങിനു് ൧൭
കമ്പൌണ്ടിങ്ങിനു് ൨൭
മിഡ്വൈഫറിക്കു് ൧൩
ആകെ ൬൭

(ബി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix V)*

BARBER UNION—MATTANCHERI

663. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമെന്റ് സദയം മറുപടി പറയുമോ.—

(എ) മട്ടാഞ്ചേരിയിലെ ബാർബർ തൊഴിലാളി യൂണിയനിൽനിന്നു് ഗവമെന്റിലേക്കും മട്ടാഞ്ചേരി നഗരസഭയിലേക്കും ൧൯൪൫ ഫിബ്രുവരിയിൽ, അവരുടെ ലൈസൻസ്

LIBRARY ARCHIVES Kerala Legislative Assembly

ഫീസു് വഛിപ്പിക്കുന്നതിൽ ആക്ഷേപം ബോധിപ്പിച്ചും മറ്റും വല്ല നിവേദനങ്ങളും മറ്റും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ നിവേദനങ്ങളുടെ പകർപ്പു് മേശപ്പുറത്തു വെക്കുമോ;

(ബി) അവരുടെ ഈ സങ്കടപരിഹാരം ചെയ്യുന്ന വിഷയത്തിൽ എന്തു നടപടിയാണു് എടുത്തിട്ടുള്ളതു് ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഉവ്വു്. പകർപ്പു മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ബി) അന്വേഷണം നടത്തിയതിൽ ലൈസൻസു ഫീസു ഇക്കൊല്ലം കൂട്ടുകയുണ്ടായിട്ടില്ലെന്നു് അറിവായിരിക്കുന്നു.

SALE OF CERTAIN BOOKS INTENDED FOR D. C. PUPILS—PAZHANJI SCHOOL

664. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) പഴഞ്ഞി സി. എം. ഇ. സ്കൂളിലെ അധഃകൃത വിദ്യാർത്ഥികൾക്കായി അധഃകൃതസംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽനിന്നും സ്കൂൾ അധികൃതർ വാങ്ങിയ പുസ്തകം മുതലായവ പഴഞ്ഞി അങ്ങാടിയിലെ ചില കച്ചവടക്കാർ സ്കൂൾ അധികാരികളിൽനിന്നും വാങ്ങി വില്പന നടത്തിയതായി അധഃകൃത സംരക്ഷകൻ അറിവുണ്ടോ;

(ബി) വിറ്റതു കഴിച്ചു ഷോപ്പിൽ ബാക്കിവെച്ചിരുന്ന പുസ്തകങ്ങൾ അധഃകൃതസംരക്ഷകനും അന്നത്തെ സ്കൂൾ ഡെപ്യൂട്ടി ഇൻസ്പെക്ടരും കാണുകയുണ്ടായോ;

(സി) സ്കൂൾ ഹെഡ്മാസ്റ്റർ ടി സ്കൂളിലെ അധഃകൃത വിദ്യാർത്ഥികൾക്കു് പുസ്തകങ്ങൾ തികച്ചും കൊടുക്കാതെയാണു് അവരുടെ ഒപ്പു വാങ്ങി അധികൃതരെ ബോദ്ധ്യപ്പെടുത്തിയിരുന്നതു് എന്നു അധഃകൃതസംരക്ഷകനു ബോദ്ധ്യമായിട്ടില്ലെ;

(ഡി) ഹെഡ്മാസ്റ്റർ കുറ്റം സമ്മതിച്ചു് അപ്പ്ലിഫ്ട് ഇൻസ്പെക്ടർക്കു സ്റ്റേറ്റുമെൻറു കൊടുത്തിട്ടില്ലെ; ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വെക്കാമോ;

(ഇ) സ്കൂൾ അധികാരിയുടെ ഈ അനീതിയെപ്പറ്റി അധഃകൃതസംരക്ഷകൻ ഗവൺമെണ്ടിലേക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

(എഫ്) സ്കൂൾ അധികാരിയുടെ ഈ അപഹരണം ഗുരുതരമായ ഒരു കുറ്റമാണെന്നു് ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഹെഡ്മാസ്റ്ററുടെ മേൽ എന്തു നടപടിയാണു് ഗവൺമെണ്ടു് നടത്തിയതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) അധഃകൃത കുട്ടികൾക്കു കൊടുത്തതാണെന്നു പറയപ്പെടുന്ന ചില പുസ്തകങ്ങൾ ഒരു പീടികയിൽ അധഃകൃതസംരക്ഷകൻ കാണുകയുണ്ടായി.

(ബി) ഷാപ്പു പരിശോധിക്കുമ്പോൾ സ്കൂൾ ഡിപ്യൂട്ടി ഇൻസ്പെക്ടരും കൂടിയുണ്ടായിരുന്നു.

(സി) ഉവ്വു്.

(ഡി) ചില സംഗതികൾ സമ്മതിച്ചു സ്റ്റേറ്റുമെണ്ടു് കൊടുത്തിട്ടുണ്ടു്. സ്റ്റേറ്റുമെണ്ടിൽനിന്നു് ഇതു സംബന്ധമായ ഭാഗങ്ങൾ താഴെ ചേർത്തിരിക്കുന്നു.

(ഇ) ഉവ്വു് ഡ ഴ — വ — ഫ ഫൻ-ൽ.

(എഫ്) കണക്കുകളും മറ്റും ശരിക്കുവെച്ചിട്ടില്ലെന്ന ബോദ്ധ്യമായിട്ടുണ്ടു്. ബാക്കി സംഗതികളിൽ നിശ്ചിതമായ തെളിവുകളില്ല. മേലിൽ കണക്കുകളും മറ്റും ശരിയായി വെക്കേണ്ടതാണെന്നു സ്കൂൾ അധികൃതന്മാരെ പ്രത്യേകം താക്കീതു് ചെയ്തിട്ടുണ്ടു്.

വടക്കെഡിവിഷൻ അപ്പ്ലിഫ്ട് ഇൻസ്പെക്ടർ മുമ്പാകെ പഴഞ്ഞി സി. എം. ഇ. സ്കൂളിലെ ഹെഡ്മാസ്റ്റർ സി. എം. ഇട്ടൂപ്പു് ബോധിപ്പിക്കുന്ന

സ്റ്റേറ്റുമെണ്ടു്

ഫ ഫ ഫൻ-ലേക്കുള്ള അധഃകൃത കുട്ടികളുടെ പുസ്തകങ്ങൾ വാങ്ങിച്ചുകൂട്ടത്തിൽ എനിക്കു ഡ ഴ Map Drawing പുസ്തകം കിട്ടിയിട്ടുണ്ടു്. അതു ഞാൻ കുട്ടികൾക്കു കൊടുത്തിട്ടില്ല. ഇഷ്യൂ റജിസ്റ്റിൽ കൊടുത്തു എന്നു എഴുതീട്ടുള്ളതു് ശരിയല്ല. ഈ പുസ്തകം ഇപ്പോഴും കാണിച്ചുതരുവാൻ നിവൃത്തിയില്ല. ഈ പുസ്തകം ഇപ്പോൾ സ്കൂളിൽ ഇല്ല എന്നു ഫ ഫ ഫൻ മകരമാസം ഫർ-ാംനു- വായിച്ചുനോക്കി. ശരി എന്നു ഹെഡ്മാസ്റ്റർ (ഒപ്പു്).

LIBRARY ARCHIVES Kerala Legislative Assembly